**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **05-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2011-12 -ൽ അനുവദിച്ച് 2019-ൽ തറക്കല്ലിട്ട നേമം കോച്ച് ടെർമിനൽ പദ്ധതി ഉപേക്ഷിച്ചതായുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; | (എ) | 20.06.2022 ന് റെയിൽവേ അധികാരികളും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടന്ന ജോയിന്റ് റിവ്യൂ മീറ്റിംഗിൽ നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി സംബന്ധിച്ച് പരാമർശിക്കവേ, മേൽ പദ്ധതി പിൻവലിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും നിലവിൽ എടുത്തിട്ടില്ല എന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്. മാത്രമല്ല, നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി ഉപേക്ഷിക്കുകയാണ് എന്ന തരത്തിലുള്ള അറിയിപ്പുകളൊന്നും റെയിൽവേ ബോർഡിൽ നിന്നോ റെയിൽവേ മന്ത്രാലയത്തിൽ നിന്നോ ലഭിച്ചിട്ടില്ല. |
| (ബി) | തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ യാർഡിന്റെ അപര്യാപ്തത കൊണ്ട് ആവശ്യത്തിന് തീവണ്ടികൾ അനുവദിക്കാനാകില്ലെന്ന റെയിൽവേയുടെ നിലപാട് സംസ്ഥാനത്തെ റെയിൽവേ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾ കൊച്ചുവേളിയിൽ പുരോഗമിക്കുകയാണ്. ഇതു കൂടാതെ നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസനം സംബന്ധിച്ച ഡി.പി.ആർ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. ആയതിനു അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കും. |
| (സി) | നേമം ടെർമിനലിനായി സ്ഥലം ലഭ്യമാകാത്ത സ്ഥിതി ഉണ്ടായിരുന്നോ; | (സി) | നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസന പ്രവർത്തനങ്ങൾക്കായി ആകെ 2.03 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ആദ്യഘട്ട വികസന പ്രവർത്തനങ്ങളുടെ ഡി.പി.ആർ- ന് റെയിൽവേ ബോർഡിൽ നിന്നുള്ള അംഗീകാരം ലഭ്യമായ ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുള്ളൂ. |
| (ഡി) | സിൽവർ ലൈൻ ഉൾപ്പെടെയുള്ള കെ-റെയിൽ പദ്ധതികൾക്ക് റെയിൽവേ മന്ത്രാലയം അനുമതി നൽകാത്തതും റെയിൽവേ നേരിട്ട് വികസനം | (ഡി) | ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. |

| | | | |
|---|---|---|---|
| | നടത്താത്തതും സംസ്ഥാനത്ത് റെയിൽവേ വികസനം അസാധ്യമാക്കുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ ഈ അവഗണന തിരുത്താൻ വേണ്ട സമ്മർദ്ദം ചെലുത്തുന്നുണ്ടോ? | | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - കായംകുളം; എന്നീ പദ്ധതികൾ പൂർത്തീയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്ര ക്ലേശം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ, സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുമായി റെയിൽവേ അധികൃതരുമായി യോഗങ്ങൾ നടത്തിവരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിൽ സിൽവർ ലൈൻ വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പദ്ധതി കേരള സംസ്ഥാനത്തെ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. എം.പി.മാരുടെ സമ്മേളനത്തിലും കേരള സംസ്ഥാനത്തെ റെയിൽവേ വികസനം ഒരു മുഖ്യ അജണ്ടാ വിഷയമാണ്. |

സെക്ഷൻ ഓഫീസർ